# Malayala Manorama

## 18 June 2018

## Eloor: Heavy rain, Flood



# ഏലൂരിലെ വെള്ളപ്പൊക്കം; ദുരന്തനിവാരണ സമിതി സന്ദർശിച്ചു

### ഇന്ന് അടിയന്തര കൗൺസിൽ യോഗം

**ഏലൂർ** ▸ ഏലൂർ നഗരസഭയിലെ വെള്ളപ്പൊക്കം ഉണ്ടായ പ്രദേശങ്ങളിൽ ജില്ലാ ദുരന്തനിവാരണ സമിതി സന്ദർശിച്ചു. ഡെപ്യൂട്ടി കളക്ടർ (ഡിസാസ്റ്റർ മാനേജ്മെന്റ്) പി.ഡി. ഷീലാദേവി, സൂപ്രണ്ട് നൂറുള്ള, മലിനീകരണ നിയന്ത്രണ ബോർഡ് എൻവയോൺമെന്റൽ എൻജിനീയർ ശ്രീലക്ഷ്മി, വില്ലേജ് ഓഫീസർ ജോസ്മോൻ തടങ്ങിയവർ ഏലൂർ ഗവ. എൽ.പി. സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പും വെള്ളപ്പൊക്കബാധയുണ്ടായ പ്രദേശങ്ങളും സന്ദർശിച്ചു. ചെയർപേഴ്സൺ സി.പി. ഉഷ, വൈസ് ചെയർമാൻ എം.എ. ജെയിംസ് എന്നിവരും ഇവരോടൊപ്പമുണ്ടായിരുന്നു.

തോടുകളിൽ പുല്ലുംകാടും വളർന്ന് നീരൊഴുക്ക് തടസ്സപ്പെട്ടതാണ് വെള്ളപ്പൊക്കത്തിന് കാരണം. ആശ്രയഭവനത്തിലെ താമസക്കാരുമപ്പെടെ ഇരുപതോളം കുടുംബങ്ങളാണ് ദുരിതാശ്വാസ ക്യാമ്പിലുള്ളത്. വെള്ളക്കെട്ട് ജനജീവിതത്തിന് ഭീഷണിയായ സാഹചര്യത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ തോടുകൾ അടിയന്തരമായി ശുചീകരിച്ച് നീരൊഴുക്ക് പുനഃസ്ഥാപിക്കാൻ തീരുമാനിച്ചു.

യന്ത്രങ്ങൾ ഉപയോഗിക്കാതെ തൊഴിലാളികളെയും സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തിയാണ് ശുചീകരണം നടത്തുക. വെള്ളപ്പൊക്കക്കെടുതി നേരിടുന്നതിനെ കുറിച്ച് ആലോചിക്കാൻ ശനിയാഴ്ച നഗരസഭ അടിയന്തര കൗൺസിൽ യോഗം കൂടുന്നുണ്ട്.

▶ ജില്ലാ ദുരന്തനിവാരണ സമിതിയംഗങ്ങൾ വെള്ളപ്പൊക്കബാധിത പ്രദേശങ്ങൾ സന്ദർശിച്ചപ്പോൾ